# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജനവരി 14

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

ഒന്നാം വർഷ എം.എസ് സി. മെഡിക്കൽ അനാട്ടമി (2019 അഡ്മിഷൻ റഗുലർ/2019ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി 29 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജനവരി 18 വരെയും 525 രൂപ പിഴയോടെ ജനവരി 19 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനവരി 20 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/54/2021)

നാലാം വർഷ ബി.എസ് സി. എം.എൽ.ടി. റഗുലർ/സപ്ലിമെന്ററി (2008 അഡ്മിഷൻ മുതൽ) പരീക്ഷകൾ ഫെബ്രുവരി അഞ്ചുമുതൽ ആരംഭിക്കും. പിഴയില്ലാതെ ജനവരി 20 വരെയും 525 രൂപ പിഴയോടെ ജനവരി 21 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനവരി 22 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/55/2021)

രണ്ടാം സെമസ്റ്റർ എം.എഡ് (ദ്വിവത്സരം - 2019 അഡ്മിഷൻ റഗുലർ/2019ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി മൂന്നുമുതൽ ആരംഭിക്കും. പിഴയില്ലാതെ ജനവരി 18 വരെയും 525 രൂപ പിഴയോടെ ജനവരി 19 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനവരി 20 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 55 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/56/2021)

## പരീക്ഷഫലം

2020 ഒക്ടോബറിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്ന നാലാം സെമസ്റ്റർ എം.എഡ് (സി.എസ്.എസ്. - 2018-2020 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/57/2021)

2019 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.സി.എ. (പുതിയ സ്കീം - 2017 അഡ്മിഷൻ റഗുലർ), ഡ്യുവൽ ഡിഗ്രി മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 27 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/58/2021)

## അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിലെ സർവകലാശാല അധ്യാപകരുടെ മണ്ഡലത്തിലെ തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർ പട്ടിക സർവകലാശാല ഓഫീസിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/59/2021)

**സുജ തോമസ് പി.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)